ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : vig.pdlsgd@kerala.gov.in
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

No. LSGD/PD/41264/2024-VIGB1 തീയതി: 20-04-2025

## കുറ്റാരോപണ പത്രിക

പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്ത് മൂന്നാം തരം ഓവർസിയർ ശ്രീമതി സുജ ജെ.വിക്കെതിരായ ആരോപണങ്ങൾ.

1. പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിൽ മൂന്നാംതരം ഓവർസിയറായി സേവനത്തിലിരിക്കെ 25/10/2023 തിയതി മുതൽ 30/09/2028 തിയതി വരെ KSR ഭാഗം- I Appendix XII C പ്രകാരമുള്ള ശൂന്യവേതനാവധിയ്ക്കായി 25-10-2023 തീയതിയിൽ താങ്കൾ അവധി അപേക്ഷ സമർപ്പിക്കുകയും എന്നാൽ അവധി അനുവദിക്കുന്നതിനു മുൻപായി 25-10-2023 തീയതി മുതൽ താങ്കൾ അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ച നടപടി സർവീസ് ചട്ടങ്ങളുടെ ലംഘനവും, ഗുരുതരമായ അച്ചടക്കലംഘനവും, കൃത്യവിലോപവും ആണ്.

2. കേരള സർവീസ് ചട്ടങ്ങളിലെ ഭാഗം-1, ചട്ടം 65 ൽ അവധി ഒരു ജീവനക്കാരന്റെ അവകാശമല്ലെന്നു വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കേരള സർവീസ് ചട്ടങ്ങളിലെ ഭാഗം-1, ചട്ടം 113 ൽ ജീവനക്കാരൻ അവധിയിൽ പ്രവേശിക്കുമ്പോൾ ഫോറം നമ്പർ 13 ൽ അവധി അപേക്ഷ സമർപ്പിക്കണമെന്നും അവധി അനുവദിക്കുന്ന അധികാരി ആയതു അംഗീകരിക്കേണ്ടതായിട്ടും നിഷ്കർഷിച്ചിട്ടുണ്ട്. താങ്കളുടെ കാര്യത്തിൽ അവധി അംഗീകരിച്ച ഉത്തരവാകാതെ താങ്കൾ അനധികൃതമായ അവധിയിൽ പോയിട്ടുള്ളതാണ്. കൂടാതെ സർക്കാരിന്റെ 03/06/2008 ലെ G.O(P) NO:233/08/FIN നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർക്ക് വിദേശ സന്ദർശനത്തിന് മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം സർക്കാർ അനുമതി ആവശ്യമില്ലാത്ത സംഗതികളിലും അവധി അനുവദിക്കുന്ന അധികാരിയുടെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരിക്കണം എന്നും അപ്രകാരമല്ലാത്ത അവധി അനധികൃതമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ താങ്കൾ ലംഘിച്ചിരിക്കുന്നു.

മേൽ പരാമർശിച്ച പ്രകാരം ചട്ടലംഘനത്തിനും കൃത്യവിലോപത്തിനും ഉത്തരവാദിയാണെന്ന് കണ്ട് താങ്കൾക്ക് ഈ കുറ്റപത്രം നൽകുന്നു.

Seeram Sambasiva Rao IAS

PRINCIPAL DIRECTOR

SEERAM SAMBASIVA RAO IAS
PEN : 721045
Principal Director
Local Self Government Department
Swaraj Bhavan, Nanthencode
Kowdiar PO, Tvpm - 695003

PRINCIPAL DIRECTORATE * LOCAL SELF GOVT DEPARTMENT * THIRUVANANTHAPURAM

കുറ്റപത്രത്തിന് ആധാരമായ രേഖ:

1. പത്തനംതിട്ട ജില്ലാജോയിൻ്റ് ഡയറക്ടറുടെ 04/03/2024 തിയതിയിലെ LSGD/JD/PTA/4349/2023 B5 നമ്പർ റിപ്പോർട്ട്
2. ഈ ഓഫീസിലെ LSGD/PD/43459/2024-DEB2 നമ്പർ ഫയൽ നോട്ട്

ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : vig.pdlsgd@kerala.gov.in
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

No. LSGD/PD/41264/2024-VIGB1

തീയതി: 20-04-2025

**കുറ്റാരോപണ മെമ്മോ**

താങ്കൾ ശ്രീമതി സുജ ജെ.വി പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിൽ മൂന്നാംതരം ഓവർസിയറായി സേവനമനുഷ്ഠിച്ചു വരവെ അവധി അനുവദിക്കുന്നതിനു മുമ്പായി 25-10-2023 തീയതി മുതൽ അവധിയിൽ പ്രവേശിച്ചതുമായി ബന്ധപ്പെട്ട് അനുബന്ധ കുറ്റാരോപണപത്രികയിൽ വിവരിക്കും പ്രകാരമുള്ള അച്ചടക്കരാഹിത്യത്തിനും കൃത്യവിലോപത്തിനും ഉത്തരവാദിയാകയാൽ താങ്കൾക്കെതിരായി 1960-ലെ കേരള സിവിൽ സർവീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ ചട്ടം 15 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണമെന്തെങ്കിലുമുണ്ടെങ്കിൽ ആയത് ഈ മെമ്മോ കൈപ്പറ്റി പതിനഞ്ചു ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപ്രകാരമുള്ള എതിർവാദപത്രികയൊന്നും നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് ഇക്കാര്യത്തിൽ എതിർവാദമൊന്നും ഇല്ലായെന്ന അനുമാനത്തിൽ അച്ചടക്കനടപടികൾ തുടരുന്നതാണ്.

പരാമർശ വിഷയവുമായി ബന്ധപ്പെട്ട രേഖകൾ എതിർവാദവിവരപത്രിക സമർപ്പിക്കുന്നതിന് നിശ്ചയിക്കുന്ന തിയതിക്ക് മുമ്പായി താങ്കളുടെ മുൻകൂട്ടിയുള്ള അപേക്ഷ പ്രകാരം നിശ്ചയിക്കുന്ന തിയതിയിൽ ഇപ്പോഴത്തെ ഓഫീസ് മേധാവിയുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കാവുന്നതാണ്. നേരിൽ കാര്യം ബോധിപ്പിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അക്കാര്യവും അറിയിക്കേണ്ടതാണ്.

കുറ്റാരോപണങ്ങളുടെ വിശദമായ ഒരു പത്രിക അനുബന്ധമായി ചേർക്കുന്നു.

LOCAL SELF GOVT. DEPARTMENT * PRINCIPAL DIRECTORATE * THIRUVANANTHAPURAM

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

SEERAM SAMBASIVA RAO IAS
PEN : 721045
Principal Director
Local Self Government Department
Swaraj Bhavan, Nanthencode
Kowdiar PO, Tvpm - 695003

ശ്രീമതി സുജ ജെ.വി.
മുൻ മൂന്നാംതരം ഓവർസിയർ, അയിരൂർ ഗ്രാമപഞ്ചായത്ത്
(തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, പത്തനംതിട്ട മുഖേന)

പകർപ്പ്
1. തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, പത്തനംതിട്ട
(കുറ്റാരോപണ മെമ്മോ അയക്കുന്നു. ഒരു പകർപ്പ് സ്വീകർത്താവിനു നൽകി മറ്റൊരു പകർപ്പിൽ ടിയാൻ്റെ കൈയൊപ്പും കൈപ്പറ്റ് തിയതിയും രേഖപ്പെടുത്തി വാങ്ങി തിരികെ അയക്കേണ്ടതാണ്)
2. സെക്രട്ടറി, അയിരൂർ ഗ്രാമപഞ്ചായത്ത്
3. കരുതൽ/അധികം